**<u>ശലഭജീവിതം (ചെറുകഥ)</u>**

ഡിസംബറിലെ മഞ്ഞുറഞ്ഞ പ്രഭാതത്തിന്റെ ആലസ്യത്തിൽ പുതപ്പിനുള്ളിലേക്ക് ഒന്നുകൂടി ചുരുണ്ടു. അല്ല പെട്ടെന്ന് എഴുന്നേറ്റിട്ടും ഒന്നും ചെയ്യാനില്ല തന്നെ. ശൂന്യമായ മനസ്സ് പോലെ തന്നെ ശൂന്യമായ അകത്തളങ്ങൾ.മഞ്ഞിൽ പുതഞ്ഞ മരങ്ങളും നടപ്പാതയും ഒക്കെ ഒരുതരം നിർവികാരത അല്ലെ തന്നിലേക്ക് കൊണ്ടുവരുന്നത്.

മഞ്ഞണിഞ്ഞ പ്രഭാതങ്ങൾക്കായി കാത്തിരുന്ന ഒരു കാലം തനിക്കും ഉണ്ടായിരുന്നു.അന്നൊക്കെ wintercoat ഉം അണിഞ്ഞ് സ്കൂളിലേക്ക് പോകാൻ എന്തൊരു ഉത്സാഹം ആയിരുന്നു.രാവിലെ കാറിനു മുകളിലും ചുറ്റിലും ഒക്കെ ആയി വീണു ഉറഞ്ഞു കിടക്കുന്ന ഐസ് മാറ്റാൻ പാടുപെടുന്ന പപ്പക്കും അമ്മയ്ക്കും എങ്ങനെയെങ്കിലും മഞ്ഞുകാലം ഒന്ന് തീർന്നാൽ മതി എന്നാണ്. ഫ്ലോറിഡക്ക് മാറാം എന്ന പല്ലവി ആയിരിക്കും അമ്മക്ക് മഞ്ഞുകാലം മുഴുവൻ. നടക്കാത്ത കാര്യം എന്ന് അമ്മക്കുതന്നെ അറിയാം. എന്നാലും വെറുതെ പറയുന്നതിലും അമ്മ സുഖം കണ്ടെത്തിയിരുന്നിരിക്കാം.

ശിശിരവും വസന്തവും മാറി മാറി വന്നുകൊണ്ടിരുന്നു. കാലത്തിന്റെ മാറ്റങ്ങൾ എല്ലാവരെയും തൊട്ടു തലോടി പൊയ്ക്കൊണ്ടിരുന്നു.

എത്ര പെട്ടെന്നാണ് ബാല്യം വിട്ടു കൌമാരത്തിലേക്ക് താൻ കടന്നത് .ഒറ്റ മകൾ ആയതിനാലാവും പപ്പയും അമ്മയും തന്റെ എല്ലാ കാര്യത്തിലും

ആവശ്യത്തിലേറെ ശുഷ്കാന്തി കാണിച്ചിരുന്നത്. എപ്പോഴായിരുന്നു അത് തനിക്ക് ഒരു ശല്യമായി തോന്നി തുടങ്ങിയത്. മറ്റുള്ള കുട്ടികളെപ്പോലെ തനിക്കു സ്ലീപ് ഓവർ നിഷേധിക്കപ്പെട്ടപ്പോഴോ , ആവശ്യത്തിനും അനാവശ്യത്തിനും പപ്പയും അമ്മയും തന്നെ ചോദ്യം ചെയ്യുന്നു എന്ന് തോന്നിയപ്പോഴോ? പാർട്ടികളും ഔട്ടിങ്ങും ഒക്കെ നിഷേധിക്കപ്പെട്ടപ്പോഴോ?എപ്പോഴായിരുന്നു. അറിയില്ല. മറ്റുള്ളവരുടെ കൂട്ടത്തിൽ താൻ ഒരു വിചിത്ര ജീവി ആയതുപോലെ.. ബോയ് ഫ്രെണ്ട് ഇല്ലാത്ത, ടീനെജു പാർട്ടികളിൽ പങ്കെടുക്കാത്ത ഒരു അന്യഗ്രഹ ജീവി. എപ്പോഴും നമ്മുടെ culture അല്ല അത് എന്ന് പറയുന്ന പപ്പയും അമ്മയും എന്തെ ഞങ്ങൾ കുട്ടികൾ ഇവിടെയാണ് ജീവിക്കുന്നത്,ഇവിടെയാണ് വളരുന്നത് എന്ന് മനസിലാക്കാത്തത് എന്നത് ഇന്നും ഒരു പ്രഹേളികയാണ്. തനിക്കു മാത്രമല്ല, ഇവിടെയുള്ള ഓരോ മലയാളി കുട്ടികൾക്കും. തങ്ങൾക്കു മാത്രം ഒരു അസ്ഥിത്വം ഇല്ല എന്ന് ആരും മനസിലാക്കുന്നില്ല, അമേരിക്കയിൽ, അമേരിക്കകാരാണോ അതും അല്ല, ഇന്ത്യക്കാരാണോ അതും അല്ല.. അങ്ങനെ അങ്ങനെ.. തന്റെ ധർമസങ്കടം മനസ്സിലാക്കാൻ അമ്മക്കോ പപ്പക്കോ ആയില്ല.

മാർട്ടിൻ, അവനെ എപ്പോഴായിരുന്നു താൻ പരിചയപ്പെട്ടത്. തന്റെ ക്ലാസ്സിലുള്ള ഒരു കുട്ടിയുടെ സഹോദരൻ..തന്റെ സൌന്ദര്യത്തെ അവൻ

ആവോളം പുകഴ്ത്തിയിരുന്നു...എപ്പോഴും അവനു തന്നോട് ഒരു പ്രത്യേക പരിഗണന.. പൂച്ച കണ്ണുകളും ചെമ്പൻ മുടിയുമുള്ള അവന്റെ സംസാരം ആരെയും ആകർഷിക്കുന്നതായിരുന്നു.. സഹോദരിയെ കാണാൻ എന്ന വ്യാജേന അവൻ വന്നിരുന്നത് തന്നെ കാണാൻ ആയിരുന്നു.. അതോടെ തന്റെ കൂട്ടുകാരുടെ ഇടയിലും താൻ അംഗീകരിക്കപ്പെടുന്നതായ ഒരു തോന്നൽ. വെറുതെ ഒരു രസത്തിനുവേണ്ടി ആണ്ടി ആയിരുന്നു അവൻ കൊണ്ടുവന്ന ഒരു പൊടി താൻ രുചിച്ചു നോക്കിയത്..പിന്നെ എപ്പോഴോ.. മയക്കുമരുന്നുകൾ തന്റെ ജീവിതത്തിന്റെ ഒരു ഭാഗം ആയി.. പപ്പയും അമ്മയും ഒന്നും അറിഞ്ഞില്ല.. തന്റെ റിപ്പോർട്ട് കാർഡുകൾ കാണുന്നതുവരെ...

പിന്നെ എന്തൊക്കെയാ നടന്നത്... അറിയില്ല.. താൻ മാർട്ടിൻ ഒപ്പം വീട് വിട്ടു.. അമ്മയുടെ കണ്ണുനീരോ പപ്പയുടെ ഭീഷണിയോ ഒന്നും തന്നെ സ്പർശിച്ചില്ല... തന്റെ മുറിയിൽ വന്നു മാർട്ടിനോട് വഴക്കുണ്ടാക്കിയ പപ്പയെ പോലീസിനെ വിളിച്ചു അറസ്റ്റു ചെയ്യിപ്പിച്ചത് താൻ ആയിരുന്നു..

കണ്ണീർ പുഴ ഒഴുക്കിയ അമ്മയെ താൻ അവഗണിച്ചു.. പോരാഞ്ഞു താൻ Restrain ഓർഡർ ഉം വാങ്ങി.. പപ്പക്കും അമ്മയ്ക്കും എതിരെ... പിന്നെ എന്തൊക്കെയോ നടന്നു.. കണ്ണീരിന്റെ ഭാണ്ടവും തൂക്കി പപ്പയും അമ്മയും ഫ്ലോറിഡ യിലേക്ക് പോയി...അമ്മ എപ്പോഴും പറയാറുള്ളതുപോലെ..

മയക്കുമരുന്നിൽ മുങ്ങിയ തന്റെ ജീവിതം എപ്പോഴോ കൈവിട്ടുപോയിരുന്നു... മാർട്ടിൻ എവിടെ ആണെന്ന് തനിക്കറിയില്ല... ആകെ തനിക്കു സമ്മാനമായി ലഭിച്ചത്.....എയിഡ്സ്.....അതിന്റെ മാരക കരങ്ങളാൽ തലോടപ്പെട്ടു...അവസാന സ്റ്റേജ് ഇൽ എത്തി..ഹൊസ്പിറ്റലും ഈ ഷെൽറ്ററും ആയി മാറി മാറി ഒരു ജീവിതം....ആകെ ഒരുസമാധാനം തന്റെ പാപജീവിതം പങ്കിടാൻ ദൈവം ഒരു കുഞ്ഞു ജന്മത്തെ ഭൂമിയിലേക്ക് അയച്ചില്ല എന്നുള്ളതാണ്....പപ്പയിൽ നിന്നും അമ്മയിൽ നിന്നും താൻ ഒളിച്ചോടുകയാണ്...താൻ എവിടെയാണെന്നോ അവർ എവിടെയാണെന്നോ..അറിയാതെ....തന്റെ ഈ അവസ്ഥ അവർ ഒരിക്കലും അറിയരുതേ.....ഈ ക്രിസ്മസ് ക്കാലത്ത്...അവരുടെ കാലിൽ വീണു മാപ്പ് പറയണം എന്നുണ്ട്...ഇനി ഒരു ക്രിസ്മസ് കാണാൻ താൻ ഉണ്ടാവില്ല എന്ന് അറിയാവുന്നതുകൊണ്ട്....പക്ഷെ....

പുൽക്കൂട്ടിൽ ജാതനാകുന്ന ഉണ്ണീശോയുടെ കാൽപാദത്തിൽ മനസ്സുകൊണ്ട് കണ്ണീർ അർച്ചന ചെയ്യുമ്പോൾ അവളുടെ ഉള്ളിൽ വർഷങ്ങൾക്കുമുൻപ് പപ്പക്കും അമ്മയ്ക്കും ഒപ്പം പാടിയ ക്രിസ്മസ് Song ആയിരുന്നു..

“ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം”

ജെസ്സി ജിജി